# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.813 — 10.02.2016 ൽ മറുപടിയ്ക്ക്

## എൻ.ആർ.എച്ച്.എം. ന് കീഴിൽ പുതിയ ആയുർവേദ ഡിസ്പെൻസറികൾ

| ചോദ്യം<br>ശ്രീ. വി. ചെന്താമരാക്ഷൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ എൻ. ആർ. എച്ച്. എം. ആയുർവേദ മെഡിക്കൽ ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് 2013-ൽ നിലവിൽ വന്നതിന് ശേഷം നാളിതുവരെയും നിയമനങ്ങളൊന്നും നടത്താത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | പാലക്കാട് ജില്ലയിൽ നിലവിൽ എല്ലാ പഞ്ചായത്തുകളിലും സർക്കാർ / എൻ. ആർ. എച്ച്. എം. ആയുർവേദ ഡിസ്പെൻസറികൾ നിലവിൽ ഉണ്ട്. പുതിയ സ്ഥാപനങ്ങൾ തുടങ്ങാത്തതിനാലാണ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ കഴിയാത്തത്. |
| (ബി) | ജില്ലയിൽ പുതിയതായി എൻ. ആർ. എച്ച്. എം. താത്കാലിക ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 25-ഓളം പഞ്ചായത്തുകൾ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി അപേക്ഷ സമർപ്പിച്ച് 2 വർഷം കഴിഞ്ഞിട്ടും ഡിസ്പെൻസറികൾ തുടങ്ങുന്നതിന് അനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കുമോ ; | (ബി) | ടി പഞ്ചായത്തുകളിൽ എല്ലാം തന്നെ സർക്കാർ / എൻ.ആർ.എച്ച്.എം ആയുർവേദ ഡിസ്പെൻസറികൾ നിലവിലുണ്ട്. ആയതിനാലാണ് പുതിയ ആയുർവേദ ഡിസ്പെൻസറികൾക്ക് അനുമതി നൽകാത്തത്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എൻ. ആർ. എച്ച്.എം. ന് കീഴിൽ പുതിയതായി ആയുർവേദ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ടോ വിശദാംശം നൽകുമോ ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15 ആയുർവേദ ഡിസ്പെൻസറികൾ എൻ. ആർ. എച്ച്.എം. ന് കീഴിൽ പ്രവർത്തനം ആരംഭിച്ചു. (തിരുവനന്തപുരം-4, കോട്ടയം-4, മലപ്പുറം-1, കോഴിക്കോട്-3, എറണാകുളം-1, തൃശ്ശൂർ-2.) |

സെക്ഷൻ ഓഫീസർ